Movie Panel - ലോക സിനിമകൾ

Film : Heidi(2015)
Language : Swiss Germen
Genres : Feel Good Family Drama
Director : Alain Gsponer

ആട്ടിൻ പാലിന്റെ ഗന്ധമൂറുന്ന ചുണ്ടുകളിൽ വിരിയുന്ന പുഞ്ചിരിയുമായി തനിക്ക് ചുറ്റുമുള്ളതിനെയെല്ലാം സന്തോഷിപ്പിക്കാൻ ആഗ്രഹിച്ച നിഷ്കളങ്കയായ ഒരു പെൺകുട്ടിയുടെ കഥയാണ് heidi.

അനാഥയായ heidi തന്റെ അമ്മയുടെ സഹോദരിയായ ഡിറ്റയുടെ സംരക്ഷണയിലാണ് 5 വയസ്സുവരെ കഴിഞ്ഞിരുന്നത്. എന്നാൽ ഡിറ്റക്ക് മെച്ചപ്പെട്ട ജോലി സ്വീകരിക്കാൻ heidi ഒരു ബാധ്യതയാവും എന്നു തോന്നിയപ്പോൾ ഒരു മാർഗ്ഗവും അവർ കണ്ടെത്തി.മുരുടനും ഏകാകിയും ആയ heidi യുടെ അപ്പുപ്പന്റെ (അച്ഛന്റെ അച്ഛൻ)അടുത്ത് അവളെ ഏൽപ്പിച്ചിട്ട് ഡിറ്റ കടന്നു കളയുന്നു.Heidi യും അപ്പൂപ്പനും ആട്ടിടയനായ പീറ്ററും കൂടി ആൽപ്സിന്റെ താഴ്‌വരകൾക്ക് നിറം പകർന്നു..

എന്നാൽ ഡിറ്റ വീണ്ടും വന്നു. അപ്പുപ്പനെ കബളിപ്പിച്ചു heidi യേയും കൊണ്ട് അവൾ ഫ്രാങ്ക് ഫർട്ടിൽ പോയി, ഒരു ധനിക കുടുംബത്തിന് അവളെ കൈ മാറുന്നു. അവിടെ കാലുകൾക്ക് ചലന ശേഷിയില്ലാത്ത ക്ലാര എന്ന കുട്ടിക്ക് കൂട്ടിനു ആയിരുന്നു അവർ heidi യെ കൊണ്ട് വന്നത്..

സൗഹൃദവും സ്വാതന്ത്ര്യവും സംസ്കാരവും heidi യുടെ കാഴ്ച്ചപ്പാടിലൂടെ നമ്മളെ കാണിച്ചു തരികയാണ് സംവിധായകൻ.Forest Gump പോലെ മനോഹരമായ ഒരു feel good സിനിമയാണ് heidi..ആൽപ്സിന്റെ താഴവരകളുടെ ദൃശ്യ ഭംഗിയൊപ്പിയെടുക്കുന്ന മനോഹര ഫ്രെയിമുകളാൽ ഏറെ സമ്പന്നമാണ് ഈ സിനിമ.

1881 ൽ ജോഹന്നാ സ്പയിറി എഴുതിയ heidi എന്ന നോവലിന്റെ ഏറ്റവും പുതിയ ചലച്ചിത്രവിഷ്കാരമാണ് ഈ സിനിമ. ലോകം എമ്പാടും ടെലിവിഷൻ പരമ്പരകളിലൂടെ സുപരിചിതയായ Heidi, മലയാളികൾക്ക് ലില്ലി (കൊച്ചു TV) എന്ന പേരിലാണ് സുപരിചിത.

NB:Heidi യുടെ മലയാളം subtitle ലഭ്യമാണ്.